പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 727 — 07.11.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ബസ് ബോഡി നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>'' പി.കെ.കുഞ്ഞാലിക്കുട്ടി<br>'' സി.മമ്മൂട്ടി<br>'' എൻ. ഷംസുദ്ദീൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യ്ക്കു വേണ്ടി ബസ് ബോഡി നിർമ്മിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരത്ത് പാപ്പനംകോടുള്ള സെൻട്രൽ വർക്ക് ഷോപ്പിലും റീജിയണൽ വർക്ക്ഷോപ്പുകളായ എടപ്പാൾ, കോഴിക്കോട്, മാവേലിക്കര, ആലുവ എന്നിവിടങ്ങളിലും ബസ് ബോഡി നിർമ്മാണം നടന്നുവരികയാണ്. ഇതിനായി സെൻട്രൽ വർക്ക്സിലെ ബോഡി ബിൽഡിംഗ് യൂണിറ്റിന് 'B' class അക്രഡിറ്റേഷൻ പദവി ലഭിക്കുകയുണ്ടായി. അതുപോലെ തന്നെ മറ്റ് വർക്ക്ഷോപ്പുകൾക്കും അക്രഡിറ്റേഷൻ ലഭിക്കുന്നതിന് സജ്ജമാക്കി വരുന്നു. എല്ലാ വർക്ക്ഷോപ്പുകളിലും കൂടി പ്രതിമാസം ശരാശരി 57 വാഹനങ്ങൾ ബോഡി ചെയ്ത് നിരത്തിലിറക്കുന്നുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ പുതിയ ഭാരത് സ്റ്റേജ് മാനദണ്ഡ പ്രകാരം, കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽ ഉപയോഗിക്കേണ്ട എൻജിന്റെ കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം വരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | 2016 മാർച്ച് 31നു മുമ്പായി വാഹന നിർമ്മാതാക്കൾ നിർമ്മിച്ച ഷാസികൾക്ക് ഇത് ബാധകമല്ല. കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചിട്ടുള്ള ഷാസികളെല്ലാം 2016 മാർച്ച് 31-ന് മുമ്പായി നിർമ്മിച്ചിട്ടുള്ളതാണ്. |
| (സി) | ഇതു മൂലം കെ.എസ്.ആർ.ടി.സി.ക്ക് കഷ്ട നഷ്ടങ്ങൾ ഉണ്ടാകാനിടയുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ? | (സി) | ഇതു മൂലം കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടം ഉണ്ടാകാനിടയില്ല. |

സെക്ഷൻ ഓഫീസർ